# Mathrubhumi

# 23 August 2018

# New Delhi, Flood-hit Kerala, Foreign Aid

- കീഴ്‌വഴക്കത്തിലുറച്ച് കേന്ദ്രസർക്കാർ
- 700 കോടിയുടെ യു.എ.ഇ. സഹായത്തിന് തടസ്സം
- ദുരിതാശ്വാസവും പുനരധിവാസവും സ്വയം നിർവഹിക്കും

## വിദേശസഹായം വേണ്ടെന്ന് കേന്ദ്രം

### വിദേശസഹായങ്ങളെ 'നന്ദിപൂർവം നിരസിക്കണെ'മെന്ന് ഇന്ത്യൻ എംബസികൾക്ക് കത്ത്

പ്രത്യേക ലേഖകൻ
ന്യൂഡൽഹി

▶ വെള്ളപ്പൊക്കക്കെടുതിയിൽപ്പെട്ട കേരളത്തിന് യു.എ.ഇ. പ്രഖ്യാപിച്ച 700 കോടി രൂപയുടേതടക്കമുള്ള വിദേശസഹായം ഇന്ത്യ സ്വീകരിക്കില്ല. പ്രളയംപോലുള്ള ദുരന്തങ്ങൾ നേരിടാൻ വിദേശസഹായം കൈപ്പറ്റേണ്ടെന്ന കീഴ്‌വഴക്കം മാറ്റില്ലെന്ന് വിദേശകാര്യ വക്താവ് രവീഷ് കുമാർ വ്യക്തമാക്കി.

"പ്രളയക്കെടുതിയിൽപ്പെട്ടവരെ സഹായിക്കാനുള്ള വിദേശരാജ്യങ്ങളുടെ സന്നദ്ധതയെ ഇന്ത്യ വിലമതിക്കുന്നു. എന്നാൽ, ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ സ്വയം നിർവഹിക്കുമെന്ന നയം തുടരും. പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധികളിലേക്ക് പ്രവാസികളുടെയും വിദേശഇന്ത്യക്കാരുടെയും ഫൗണ്ടേഷനുകളടക്കമുള്ള അന്താരാഷ്ട്രസംഘടനകളുടെയും സംഭാവന സ്വീകരിക്കും -അദ്ദേഹം വ്യക്തമാക്കി.

വിദേശത്തുനിന്ന് വ്യക്തികൾക്കോ സന്നദ്ധ സംഘടനകൾക്കോ കേരളത്തെ സഹായിക്കുന്നതിന് തടസ്സമില്ല. അതേസമയം, ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുമായി ചർച്ചചെയ്ത് തടസ്സം നീക്കാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

### യു.എ.ഇ. മോദിയെ സഹായസന്നദ്ധത അറിയിച്ചു

ദുബായ് ▶ കേരളത്തിലെ പ്രളയക്കെടുതികളെക്കുറിച്ചും ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ചും അബുദാബി കിരീടാവകാശിയും യു.എ.ഇ. സായുധസേനയുടെ ഉപസർവ സൈന്യാധിപനുമായ ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ചർച്ച നടത്തി.



ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ

ബുധനാഴ്ച ശൈഖ് മുഹമ്മദ് തന്നെയാണ് ഈ സംഭാഷണത്തെക്കുറിച്ച് ട്വിറ്ററിൽ വെളിപ്പെടുത്തിയത്. കേരളത്തിനുണ്ടായ പ്രയാസങ്ങളിൽ ദുഃഖം രേഖപ്പെടുത്തിയ അദ്ദേഹം യു.എ.ഇ. ഇന്ത്യൻ ജനതയോടൊപ്പമുണ്ടെന്ന് അറിയിച്ചു.

ഈ പ്രതിസന്ധിഘട്ടത്തിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് എന്ത് സഹായം നൽകാനും യു.എ.ഇ. ഒരുക്കമാണെന്നും അദ്ദേഹം പ്രധാനമന്ത്രിയെ അറിയിച്ചു. ഇരുരാജ്യങ്ങളും തമ്മിൽ പതിറ്റാണ്ടുകളായുള്ള സൗഹൃദത്തെയും ശൈഖ് മുഹമ്മദ് അനുസ്മരിച്ചു. കേരളത്തിന്റെ കാര്യത്തിൽ യു.എ.ഇ. കാണിച്ച താത്പര്യത്തിനും സ്നേഹത്തിനും പ്രധാനമന്ത്രി മോദി നന്ദി അറിയിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങളെ സഹായിക്കാമെന്ന യു.എ.ഇ.യുടെ സന്നദ്ധതയെ മോദി അനുമോദിച്ചു. ഇരുരാജ്യങ്ങളും നാട്ടുകാരും തമ്മിലുള്ള സൗഹൃദത്തെയാണ് ഇത് കാണിക്കുന്നതെന്നും മോദി പ്രതികരിച്ചു.



നരേന്ദ്രമോദി

### ചർച്ചചെയ്യും -മുഖ്യമന്ത്രി

തിരുവനന്തപുരം ▶ യു.എ.ഇ. സർക്കാർ വാഗ്ദാനംചെയ്ത 700 കോടി രൂപ സ്വീകരിക്കുന്നതിലെ തടസ്സങ്ങൾ നീക്കാൻ പ്രധാനമന്ത്രിയുമായി ചർച്ച നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. യു.എ.ഇ. സർക്കാർ പണം വാഗ്ദാനം ചെയ്തയുടൻ പ്രധാനമന്ത്രി നരേന്ദ്രമോദി അതിനെ സ്വാഗതം ചെയ്ത് ട്വീറ്റ് ചെയ്തിരുന്നു. രാജ്യങ്ങൾ തമ്മിൽ പരസ്പരം സഹായിക്കുന്നത് സ്വാഭാവികമാണ്.

2016-ലെ ദേശീയ ദുരന്തനിവാരണ നയത്തിൽ മറ്റു രാജ്യങ്ങൾ സ്വമേധയാ നല്കുന്ന സഹായങ്ങൾ സ്വീകരിക്കാൻ തടസ്സമില്ല. ഇക്കാര്യം ഔദ്യോഗികതലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കും. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ലഭിക്കുന്ന സഹായങ്ങൾ സർക്കാർ സ്വാഗതംചെയ്യുന്നു. അത് നേടിയെടുക്കാനുള്ള ശ്രമമാണ് നാടിനെ സ്നേഹിക്കുന്ന എല്ലാവരും ചെയ്യേണ്ടത്. ഒറ്റക്കെട്ടായ പരിശ്രമങ്ങൾക്ക് തടയിടാനും അതിൽ വിള്ളൽ വീഴ്ത്താനും നടത്തുന്ന ഒരു പ്രവർത്തനവും ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.



പിണറായി വിജയൻ

### കേന്ദ്ര നിലപാടിന് വിരുദ്ധമായി 2016-ലെ ദുരന്തനിവാരണനയം

▶ പ്രളയംപോലുള്ള ദുരന്തസമയത്ത് വിദേശസഹായം സ്വീകരിക്കുന്നതു സംബന്ധിച്ച് 2016-ൽ ഇതേ കേന്ദ്ര സർക്കാർതന്നെ പുറത്തിറക്കിയ ദേശീയ ദുരന്തനിവാരണനയത്തിൽ പറയുന്നത് ഇപ്പോഴെടുത്ത നിലപാടിന് കടകവിരുദ്ധമായ കാര്യം.

**നയത്തിലെ അന്തർദേശീയ സഹകരണം സംബന്ധിച്ച ഭാഗത്തിൽ 9.2-ാം നമ്പർ നിബന്ധനയിൽ പറയുന്നത്:** ദുരന്തം നേരിടാൻ ഇന്ത്യാ ഗവൺമെന്റ് വിദേശസഹായത്തിനുവേണ്ടി പ്രത്യേകം അഭ്യർഥന നടത്തില്ല. എന്നാൽ, ഏതെങ്കിലുമൊരു രാജ്യം സ്വമേധയാ സഹായം നൽകാൻ തയ്യാറായാൽ അത് കേന്ദ്രസർക്കാരിനു വേണമെങ്കിൽ സ്വീകരിക്കാം. വിദേശകാര്യമന്ത്രാലയം, ബന്ധപ്പെട്ട സംസ്ഥാനസർക്കാർ എന്നിവരുമായി ആലോചിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഇത് തീരുമാനിക്കേണ്ടത്.